കേരള വാട്ടർ അതോറിറ്റി
മാനേജിങ്ങ് ഡയറക്ടറുടെ ഉത്തരവ്

വിഷയം: ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഉപഭോക്താക്കളുടെ വാട്ടർ ചാർജ്ജ് സംബന്ധിച്ച്

സൂചന: 1. സർക്കാർ ഉത്തരവ് (എം. എസ്) നം. 44/08/ജ. വി. വ തിയതി 25/09/2008 പ്രകാരമുള്ള ഉത്തരവ്.
2. കെ. ഡബ്ല്യൂ. എ/ എച്. ഓ/ആർ. എം. സി/1080/08 തിയതി 07/10/08

ഉത്തരവ് നം. കെ. ഡബ്ല്യൂ. എ/ എച്. ഓ/ആർ. എം. സി/02/2009
തിയതി :11/02/09

കേരള വാട്ടർ അതോറിറ്റിയുടെ ഉപഭോക്താക്കളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉൾപ്പെടുന്ന കുടുംബങ്ങളുടെ 31/08/08 വരെയുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക എഴുതി തള്ളുവാനും 1/09/08 മുതൽ പ്രതിമാസം 10000 ലിറ്റർ വരെ കുടിവെള്ളം ഉപഭോഗം ചെയ്യുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്നും വാട്ടർ ചാർജ്ജ് ഈടാക്കേണ്ടതില്ലയെന്നും 1 -ാം പരാമർശത്തിലെ സർക്കാർ ഉത്തരവിൽ പ്രതിപദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ തന്നെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് നൽകുന്ന വാട്ടർ കണക്ഷനുകളുടെ കണക്ഷൻ ഫീസിൽ 50% ഇളവ് നൽകുവാനും ഉത്തരവായിട്ടുണ്ട്.

2 -ാം സൂചന പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്നും ഇളവുകൾ അനുവദിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസുകളിൽ സ്വീകരിച്ച് സൂക്ഷ്മ പരിശോധന നടത്തി ക്രോഡീകരിച്ച റിപ്പോർട്ട് അതോറിറ്റിയുടെ അംഗീകാരത്തിനായി കേന്ദ്ര കാര്യാലയത്തിലേക്ക് അയച്ചു തരുവാൻ നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഒരു റിപ്പോർട്ടും ഇതുവരെ ഈ ഓഫീസിൽ ലഭിച്ചിട്ടില്ല. ബി. പി. എൽ. ഉപഭോക്താക്കളിൽ നിന്നും സ്വീകരിക്കേണ്ട അപേക്ഷയുടെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. എല്ലാ ബി. പി. എൽ ഉപഭോക്താക്കളിൽ നിന്നും മാതൃകയിലെ അപേക്ഷ സ്വീകരിക്കേണ്ടതും ആയത് ഓഫീസ് റജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും പകർപ്പ് ബി.പി.എൽ കാർഡിൻെറ പകർപ്പിനോടൊപ്പം ഹെഡ് ഓഫീസിലേക്ക് ലഭ്യമാക്കേണ്ടതാണ്.

സൂചന 1- ലെ സർക്കാർ ഉത്തരവ് അതോറിറ്റിയിൽ ആകമാനം ഫലപ്രദമായും ഏകീകൃതമായ രീതിയിലും നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് താഴെ വിവരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ബി പി എൽ റേഷൻ കാർഡ് ഉടമകളായ ഉപഭോക്ത്താക്കൾക്ക് മാത്രമേ ആനുകൂല്യങ്ങൾ നൽകുവാൻ പാടുള്ളൂ.
2. ബി പി എൽ സംബന്ധിക്കുന്ന മറ്റ് രേഖകൾ ഒന്നും തന്നെ ആനുകൂല്യങ്ങൾ നൽകുന്നതിനായി സ്വീകാര്യമല്ല.

3. ബി പി എൽ റേഷൻ കാർഡിൽ ഗ്രഹനാഥൻ / ഗ്രഹനാഥ എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഉപഭോക്താക്കളുടെ പേരിൽ നിലനിൽക്കുന്നതോ/ അപേക്ഷിക്കുന്നതോ ആയ വാട്ടർ കണക്ഷനുകൾക്ക് മാത്രമേ ആനുകൂല്യങ്ങൾ അനുവദിക്കാവൂ.

4. ആനുകൂല്യങ്ങൾക്ക് അർഹരായ ബി. പി. എൽ ഉപഭോക്ത്താക്കളുടെ റേഷൻ കാർഡിൽ ആനുകൂല്യങ്ങൾ അനുവദിച്ചതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

5. ഗാർഹിക വിഭാഗം ഉപഭോക്താക്കൾക്ക് മാത്രമേ ബി. പി. എൽ ആനുകൂല്യത്തിനു അർഹതയുള്ളൂ.

6. പ്രതിമാസം ജല ഉപഭോഗം ശരാശരി 10 കി.ലി. വരെയുള്ള ബി പി എൽ കുടുംബങ്ങൾക്ക് മാത്രമേ ആനുകൂല്യങ്ങൾ അനുവദിക്കാൻ പാടുള്ളൂ.

7. പ്രതിമാസം ജല ഉപഭോഗം 10 കി.ലി. കവിയുന്ന കാലയളവിലെ വാട്ടർ ചാർജ്ജ് പൂർണമായും ഈടാക്കേണ്ടതാണ്.

8. ആനുകൂല്യങ്ങൾക്ക് അർഹരാകുന്ന ബി. പി. എൽ വിഭാഗത്തിൽപ്പെട്ട ഉപഭോക്ത്താക്കളുടെ വാട്ടർ മീറ്റർ പ്രവർത്തനക്ഷമമായിരിക്കണം. നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത ബി. പി. എൽ വിഭാഗത്തിൽ ഉൾപ്പെട്ട ഉപഭോക്ത്താക്കളുടെ മീറ്റർ പ്രവർത്തനക്ഷമമാക്കുവാനായി ഈ ഉത്തരവ് തിയതി മുതൽ 45 ദിവസത്തെ കാലാവധി അനുവ്ധിക്കാവുന്നതാണ്. ഈ കാലയളവിനുള്ളിൽ മീറ്റർ പ്രവർത്തനമാക്കാത്ത ബി പി എൽ കാർക്ക് പിന്നീട് ആനുകൂല്യങ്ങൾ അനുവദനീയമല്ല.

9. ബി. പി. എൽ ആനുകൂല്യത്തിന് അർഹരായ ഉപഭോക്താക്കൾ എന്നെങ്കിലും അനധികൃത പ്രവർത്തനത്തിൽ ഏർപ്പെടുന്നപക്ഷം ബി. പി. എൽ ആനുകൂല്യം നിർത്തുന്നതോടൊപ്പം മുൻ കാല പ്രാപല്യത്തിൽ വാട്ടർ ചാർജ്ജ് ഈടാക്കുന്നതുമാണ്.

10. ബി. പി. എൽ ആനുകൂല്യം ലഭിക്കുന്ന ഉപഭോക്താക്കൾ അവരുടെ കണക്ഷൻ നിലനിൽക്കുന്ന വസ്തു കൈമാറ്റം ചെയ്യുമ്പോൾ ആയത് കൈമാറ്റം നടന്ന് 30ദിവസത്തിനുള്ളിൽ അതോറിറ്റിയെ അറിയിക്കേണ്ടതാണ് അപ്രകാരം ചെയ്യാത്തപക്ഷം ടി ഉപഭോക്താക്കളിൽ നിന്നും വാട്ടർ ചാർജ്ജ് (ഇളവുകൾ അനുവദിച്ച കാലയളവ് ഉൾപ്പെടെ ) കുടിശികയായി കണക്കാക്കി പിഴ ഉൾപ്പെടെ ഈടാക്കുന്നതാണ്

11. ബി. പി. എൽ. കാർഡ് ഉടമകളായ ഉപഭോക്താക്കളുടെ 31/08/08 വരെയുള്ള കുടിശിക പരിപൂർണമായും ഒഴിവാക്കി കൊടുക്കാവുന്നതാണ്.

12. ശരാശരി ഉപഭോഗം നിർണയിക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗരേഖകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

ബി. പി. എൽ ഉപഭോക്താക്കളുടെ പ്രതിമാസ ശരാശരി ഉപഭോഗം നിർണയിക്കുന്നതിനായി ഒരു വർഷത്തെ 6 മാസം ദൈർഘ്യമുള്ള 2 ഭാഗങ്ങളായി തിരിച്ച് ഓരോ 6 മാസ ദൈർഘ്യത്തിൻെറയും ആകെ ഉപഭോഗം കണക്കാക്കി അതിൻെറ അടിസ്ഥാനത്തിൽ പ്രതിമാസ ശരാശരി നിർണ്ണയിക്കേണ്ടതാണ്. ഇപ്രകാരം നിർണയിക്കുന്ന ശരാശരി ഉപഭോഗം 10 കി.ലി..-ൽ കൂടുതലാണെങ്കിൽ പ്രസ്തുത 6 മാസ കാലയളവിലെ വാട്ടർ ചാർജ്ജ് പൂർണമായും ഈടാക്കേണ്ടതാണ്. എന്നാൽ ഉപഭോഗം 10 കി.ലി. നു താഴെയാണെങ്കിൽ വാട്ടർ ചാർജ്ജ് ഈടാക്കേണ്ടതില്ല. ദ്വൈമാസ

ബില്ലിങ്ങ് സമ്പ്രദായം നിലവിലുള്ള സ്ഥലങ്ങളിലും മേൽ പറഞ്ഞ മാർഗരേഖ പാലിക്കേണ്ടതാണ്. ഇതിനായി ബി. പി. എൽ ഉപഭോക്താക്കളുടെ മീറ്റർ റീഡിങ്ങ് 6 മാസതിൽ ഒരിക്കൽ നിർബന്ധമായും എടുക്കേണ്ടതാണ്.

13. ബി. പി. എൽ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ എല്ലാ വർഷവും ജനുവരി 30 നു മുൻപ് പുതുക്കി സ്വീകരിക്കേണ്ടതാണ്. പുതുക്കാത്തപക്ഷം ആനുകൂല്യങ്ങൾ നിർത്തലാക്കേണ്ടതാണ്

ബി. പി. എൽ ഉപഭോക്താക്കളുടെ മീറ്റർ റീഡിങ്ങ് 6 മാസത്തിൽ ഒരിക്കൽ നിർബന്ധമായും എടുക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ശരാശരി ഉപഭോഗം കണക്കാക്കേണ്ടതുമാണ്. ഇപ്രകാരം കണക്കാക്കുമ്പോൾ പ്രതിമാസം ശരാശരി ഉപഭോഗം 10 കി.ലി. ൽ കൂടുകയോ ആകെ ഉപയോഗം 60 കി.ലി. കൂടുതലോ അണെങ്കിൽ പ്രസ്തുത 6 മാസ കാലയളവിലെ വാട്ടർ ചാർജ്ജ് പരിപൂർണമായും ഈടാക്കേണ്ടതാണ്.

ബി. പി. എൽ ഉപഭോക്താക്കൾ സമർപ്പിക്കേണ്ട അപേക്ഷയുടേയും ഓഫീസ് രജിസ്റ്ററിന്റെ മാതൃകയും ഉള്ളടക്കം ചെയ്യുന്നു.

ബി. പി. എൽ ഉപഭോക്താക്കൽക്ക് ബി. പി. എൽ ആനുകൂല്യങ്ങൾ നൽകുമ്പോൾ മേൽപരാമർശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കർശ്ശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട അസ്സിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഉറപ്പാക്കേണ്ടതാണ്

ഒപ്പ്
മാനേജിങ്ങ് ഡയറക്ടർ

ആജ്ഞാനുസരണം
അക്കൗണ്ട്സ് ഓഫീസർ 16/2/09

അപേക്ഷയുടെ മാതൃക

1.ക്രമ നമ്പർ

2പൂർണ്ണമായ പേര്

3. മേൽ വിലാസം

4.സർവേ നമ്പർ

5.ദേശം

6. പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ

7.താലൂക്ക്

8. ബിപിഎൽ കാർഡ് നമ്പർ

9. ജല ഉപയോഗം ശരാശരി

10. മീറ്റർ നമ്പർ

സത്യവാങ്ങ്മൂലം

മേൽ പ്രസ്താവിച്ച കാര്യങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യസന്ധമാണെന്നു.ബോധ്യപ്പെടുത്തുന്നു. എന്റെ പേരിൽ നിൽക്കുന്ന വാട്ടർ ക്ണക്ഷൻ ഉൾപ്പെടുന്ന വസ്തു കൈമാറ്റം ചെയ്യുകയാണ് എങ്കിൽ ആ വിവരം കൈമാറ്റം ചെയ്ത് 30 ദിവസത്തിനകം അതോറിറ്റിയെ അറിയിക്കുന്നതാണെന്നും അപ്രകാരം ചെയ്യാത്ത പക്ഷം അതോറിറ്റി ചുമത്തുന്ന വാട്ടർ ചാർജ്ജും പിഴയും നൽകുവാൻ സന്നദ്ധനാണെന്നും ഇതിനാൽ സമ്മതിച്ചു കൊള്ളുന്നു.

ഉപഭോക്താവിന്റെ ഒപ്പ്

9. ക്ലാർക്ക് ഒപ്പ്

10. ജൂനിയർ സൂപ്രണ്ട്/ ഹെഡ്ക്ലാർക്ക് ഒപ്പ്

11. അസിസ്റ്റന്റ് എഞ്ചിനിയർ ഒപ്പ്

12. അസിസ്റ്റന്റ് എക്സിയ്ക്ക്യൂട്ടീവ് എഞ്ചിനീയർ ഒപ്പ്

# ഓഫീസ് രജിസ്റ്ററിന്റെ മാതൃക

| ക്രമ നമ്പർ | പൂർണ്ണമായ പേര് | മേൽ വിലാസം | സർവ്വേ നമ്പർ | ദേശം, താലൂക്ക് | പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ | ബിപിഎൽ കാർഡ് നമ്പർ | ശരാശരി ജല ഉപയോഗം | ഉപഭോക്തൃ നമ്പർ. | എഴുതി തള്ളിയ തുക | അഭിപ്രായം | ക്ലാർക്ക് ഒപ്പ് | ജൂനിയർ സൂപ്രണ്ട് ഹെഡ്ക്ലാർക്ക് ഒപ്പ് | അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |